# Holy Voice

## Parish Bullettin


## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 6 നവംബർ 2013



**എഡിറ്റർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ് എഡിറ്റർ**
ജെസ്സിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**


റവ. സി. ജെൻസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേരങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


പേജുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| വിശ്വാസം എന്ന പുണ്യം | 7 |
| എന്തുനല്ലമ്മ | 11 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 17 |
| വിശ്വാസത്തിൽ ജീവിക്കുന്ന ക്രിസ്തു | 18 |
| സമാചാരങ്ങൾ | 21 |
| ജാലകത്തിലൂടെ | 22 |
| കളറിംഗ് മത്സരം | 23 |
| ക്വിസ് മത്സരം | 25 |
| പിന്നിട്ടലോകം | 27 |
| ബൈബിൾ കലണ്ടർ | 28 |





ഹോളി വോയ്സ്
THE LAW
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
നവംബർ 2013

# എഡിറ്റോറിയൽ



പ്രിയപ്പെട്ടവരെ,

ഉഗ്രപ്രതാപിയും അതിധീരനുമാണെങ്കിലും മനുഷ്യൻ ഇന്നും തോൽക്കുന്ന, പകച്ചു നിൽക്കുന്ന ഒരു രംഗമുണ്ട്. അതു മരണത്തിന്റെ മുൻപിലാണ്. ഭൗതികമായി നേടിയെടുത്ത അധികാരവും സ്വത്തുമെല്ലാം വിലയറ്റു നിൽക്കുന്ന നിമിഷം. ഈ ലോകത്തെ നശ്വരമായ ജീവിതകാലഘട്ടത്തിൽ നേടിയെടുത്ത ആത്മീയ സമ്പാദ്യങ്ങളുടെ മാറാപ്പുമായി ദൈവത്തിങ്കലേയ്ക്കുള്ള മടക്കയാത്ര. അന്നേരം തമ്പുരാൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ഈ യാത്രയ്ക്കു നീ തയ്യാറായിരുന്നോ? നിന്റെ മാറാപ്പിൽ പുതിയ പരലോകവാസത്തിനായി എത്ര സമ്പാദ്യമുണ്ട്? ഉത്തരം മുട്ടിപ്പോകാം. നരകവാസത്തിലേക്ക് വലിച്ചെറിയപ്പെടാം. അവിടെ സൗഹൃദങ്ങളുടെയും സഹായങ്ങളുടെയും കുളിർമയുണ്ടാകില്ല. രോഷാഗ്നിയിൽ വെന്തുനീറാനാണ് യോഗമുണ്ടാവുക. അതിനാൽ, നന്മയുടെയും സ്നേഹത്തിന്റെയും പാതയിൽ സഞ്ചരിക്കാൻ നാം തയ്യാറാകണം. അവിടെനിന്നും പറിച്ചെടുക്കുന്ന ദൈവസ്നേഹത്തിന്റെ നറുകുസുമങ്ങളാകട്ടെ നമ്മുടെ ജീവിത സമ്പാദ്യം. അക്രമത്തിന്റെയും അനീതിയുടെയും സഹോദര ദ്രോഹത്തിന്റെയും പാതകൾ നമുക്ക് എന്നേക്കുമായി ഉപേക്ഷിക്കാം.

നമുക്കു ഒപ്പമോ, നമ്മുടെ മുന്നിലോ, പിന്നിലോ സഞ്ചരിച്ച് നമ്മുടെ ജീവിതത്തെ സാർത്ഥകമാക്കിയവർ, അവരിൽ ചിലർ നമ്മെ വിട്ടുപോയിരിക്കുന്നു. അവരുടെ ഓർമ്മകൾ നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നു. പരേതരുടെ സ്വർഗ്ഗീയയാത്ര പൂർണ്ണതയിലെത്തിയ്ക്കേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ മാത്രം അവകാശമാണ്. നവംബർ മാസത്തിൽ സഭ നമ്മോട് ആഹ്വാനം ചെയ്യുന്നതതാണ്. ആ ആഹ്വാനം ചെവികൊള്ളാൻ സഭാ തനയരായ നമുക്ക് കടമയുണ്ട്.

ആഗോളസഭ കഴിഞ്ഞ ഒരു വർഷം വിശ്വാസവർഷമായി ആചരിക്കുകയായിരുന്നല്ലോ. ഈ നവംബർ 24ന് അതിനു പരിസമാപ്തി കുറിയ്ക്കപ്പെടുകയാണ്. വിശ്വാസത്തിലൂന്നിയ സഭാസമൂഹത്തിനേ ദൈവ സ്നേഹത്തിന്റെ പൊരുളറിഞ്ഞു പ്രവർത്തിക്കാനാകൂ. എന്നിരുന്നാലേ സഹോദരനിൽ ദൈവമഹത്വം ദർശിക്കാനാകൂ. ഉപവിപ്രവർത്തനങ്ങൾ ജീവിതചര്യയാക്കാൻ സാധിക്കൂ. ജീവിതത്തെ അതിന്റെ അർത്ഥവ്യാപ്തിയോടെ കാണാനും ദൈവസ്നേഹത്തിൽ വളരുവാനും അതു മറ്റുള്ളവരിലേക്ക് പകർത്തുവാനും നമുക്കു സാധിക്കട്ടെ. "മനുഷ്യാ, നീ മണ്ണാകുന്നു. മണ്ണിലേക്ക് തന്നെ നീ മടങ്ങും." ഈ വാക്കുകൾ എന്നും നമ്മുടെ കാതിൽ മുഴങ്ങട്ടെ.....!

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ആരാധന ക്രമ വത്സരത്തിലെ അവസാന കാലമായ പള്ളികൂദാശ ക്കാലത്തിന്റെ - സഭാ സമർപ്പണകാലത്തിന്റെ നാലാഴ്ചകൾ ഉൾക്കൊള്ളു ന്നതാണ് നവംബർ മാസം. കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷാകര ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങൾ ഓർക്കുവാനും ധ്യാനിക്കുവാനും അതുവഴി യേശു അനുഭവത്തിൽ വളരുവാനും ലഭിക്കുന്ന ധന്യമായ അവ സരമാണ് ആരാധനക്രമവത്സരത്തിലെ വിവിധ കാലങ്ങൾ. മാമ്മോദീസയിൽ സ്വീകരിച്ച വിശ്വാസം വളർന്ന് വലുതായി ഫലം ചൂടി ക്രിസ്തു സാക്ഷിക ളായി ജീവിച്ച നമുക്ക് സ്വർഗ്ഗീയ മഹത്വത്തിലുള്ള പങ്കുചേരലിന്റെ ഓർമ്മ കൂടിയാണ് പള്ളികൂദാശ കാലത്തിന്റെ ചൈതന്യം.

നവംബർ മാസം നമ്മെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു ചിന്തയാണ് മരിച്ച വരുടെ അനുസ്മരണം. മൺമറഞ്ഞ നമ്മുടെ പ്രിയപ്പെട്ടവരെ ഓർക്കുവാനും അവരുടെ ധന്യവും ദീപ്തവുമായ ഓർമ്മകൾക്കുമുന്നിൽ ശിരസ്സ് നമിക്കു വാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, അവർ നമുക്ക് നൽകിയ നന്മ കൾക്ക് നന്ദി അർപ്പിക്കുവാനും ആ നന്മയുടെ അനുഭവങ്ങൾ സ്വന്തമാക്കു വാനും സാധിക്കുന്ന ഒരവസരം. പ്രായമായ മാതാപിതാക്കളും രോഗികളായ പ്രിയപ്പെട്ടവരും കുടുംബത്തിനു ഭാരമാണെന്നും അതുവഴി അവഗണിക്ക പ്പെടുകയും ചെയ്യുന്ന തിന്മയുടെ ഈ കാലഘട്ടത്തിന്റെ ചിന്തകളിൽ നിന്ന് മാറി, അവരുടെ നന്മ കണ്ട് അവരെ ഉൾകൊള്ളുവാനും, സഹായിക്കുവാനും നമുക്ക് സാധിക്കണം. ഇന്നത്തെ എന്റെ അനുഗ്രഹീതമായ ജീവിതാവ സ്ഥയ്ക്കു പിന്നിൽ മൺമറഞ്ഞ എന്റെ പ്രിയപ്പെട്ടവരുടെ ത്യാഗങ്ങളും പ്രാർത്ഥനകളും ഉണ്ടെന്നകാര്യം ഒരിക്കലും വിസ്മരിക്കപ്പെടരുത്. ഒപ്പംതന്നെ നശ്വരമായ നമ്മുടെ ജീവിതം വളരെ ഹ്രസ്വമാണെന്ന് തിരിച്ചറിഞ്ഞ് ഈ ചെറിയ ജീവിതകാലഘട്ടത്തിൽ നന്മയുടെ നറുമണം പരത്തുന്ന ചെറു സൂന ങ്ങളാകുവാനെങ്കിലും നമുക്ക് പരിശ്രമിക്കാം. കാലം ഒരിക്കലും നമുക്കു വേണ്ടി കാത്തുനിൽക്കുകയില്ല.

"മരണം വരുമൊരുനാൾ, ഓർക്കുക മർത്ത്യാ നീ
കൂടെ പോരും നിൻ, ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ, അലസത കൂടാതെ"

2012 ഒക്ടോബർ 11ന് ബെനഡിക്ട് 16-ാമൻ മാർപ്പാപ്പ ഉദ്ഘാടനം നിർവ്വഹിച്ച് ആരംഭം കുറിച്ച വിശ്വാസ വർഷാചരണത്തിന്റെ സമാപനം 2013 നവംബർ 24-ന് ക്രിസ്തുരാജന്റെ രാജത്വ തിരുനാൾ ദിവസമാണ് നടത്തപ്പെടുന്നത്. മാമ്മോദീസായിലൂടെ നമ്മൾ ആരംഭിച്ച വിശ്വാസ തീർത്ഥാടനത്തിൽ നാളിതുവരെയുള്ള കാലഘട്ടത്തിൽ നമ്മൾ എത്രമാത്രം വളർന്ന് ക്രിസ്തുവിന് അനുരൂപപ്പെട്ടവരായി അവിടുത്തെ ജീവിത ശൈലി ഉൾകൊണ്ട് മറ്റുള്ളവർക്ക് നന്മയാകുവാനും, വിശ്വാസം കൈമാറുവാനും സാധിച്ചു എന്ന് ചിന്തിക്കണം. വിശ്വാസവർഷത്തിന്റെ ചൈതന്യം നമുക്ക് അതിന്റെ പൂർണതയിൽ മനസ്സിലാക്കി തരുവാൻ സഹായിക്കുന്നതാണ്, ക്രിസ്തുവിന്റെ ജീവിതം സ്വന്തം ജീവിത മാതൃകയായി സ്വീകരിച്ച വി. ഫ്രാൻസിസ് അസ്സീസിയെ അനുകരിച്ച് ഇന്ന് സഭാ നൗകയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ "വിശ്വാസ വെളിച്ചം" എന്ന ചാക്രിക ലേഖനം. അതിൽ "മനുഷ്യവംശത്തിന്റെ പാതയിൽ ഒരു വെളിച്ചമായി ദൈവം തന്നിരിക്കുന്ന വിശ്വാസം എന്ന അമൂല്യനിധിയിൽ തന്റെ സഹോദരി സഹോദരന്മാരെ ബലപ്പെടുത്തുവാൻ പത്രോസിന്റെ പിൻഗാമി ഇന്നലെയും ഇന്നും നാളെയും എപ്പോഴും വിളിക്കപ്പെടുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ചൈതന്യം തന്നെയാണ് മാമ്മോദീസായിലൂടെ വിശ്വാസത്തിന്റെ കവാടം കടന്ന് ക്രിസ്തുവിൽ വിശ്വസിച്ച് ജീവിക്കുന്ന നാമോരോരുത്തരും നിർവ്വഹിക്കേണ്ടതും. ദൈവദാനമായ വിശ്വാസത്തിൽ ആഴപ്പെടുവാനും അതിൽ നിലനിൽക്കുവാനും തീക്ഷ്ണതയോടെ അത് പങ്കുവെയ്ക്കുവാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

ജപമാല മാസാചരണത്തിന്റെ ഭാഗമായി കഴിഞ്ഞ മാസത്തിൽ നടത്തപ്പെട്ട ജപമാല പ്രാർത്ഥന യജ്ഞത്തിൽ, കുടുംബങ്ങളിലും കുടുംബ കൂട്ടായ്മകളിലും, പള്ളിയിലും നിങ്ങൾ കാഴ്ചവെച്ച വലിയ സഹകരണത്തിനും പ്രാർത്ഥനയ്ക്കും നന്ദി പറയുകയും പരിശുദ്ധ അമ്മ വഴി ദൈവാനുഗ്രഹം സമൃദ്ധമായി നിങ്ങൾക്ക് ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നവംബർ 24-ാം തിയ്യതി ഞായറാഴ്ച ക്രിസ്തുരാജത്വ തിരുനാൾ ദിവസം നമ്മൾ നടത്തുവാൻ പോകുന്ന വിശ്വാസവർഷാചരണ സമാപന റാലിയിൽ ഇടവക മുഴുവനും പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുകയും പ്രത്യേകം ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ
യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ജോസ് മാളിയേക്കൽ**
വികാരി & റെക്ടർ

# വിശ്വാസമെന്ന പുണ്യം



റവ.ഡോ.ക്ലമന്റ് ചിറയത്ത്
ചാൻസലർ, ഇരിങ്ങാലക്കുട രൂപത

"രൂപതയിൽ സ്ഥിരമായി സ്ഥാപിതമായതും ഒരു ഇടവക വികാരിയുടെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ടതുമായ ക്രൈസ്തവ വിശ്വാസികളുടെ ഒരു നിശ്ചിതസമൂഹമാണ് ഇടവക".ഇതാണ് സഭാ നിയമപ്രകാരമുള്ള ഇടവകയുടെ നിർവ്വചനം. ക്രൈസ്തവ വിശ്വാസികളുടെ കൂട്ടായ്മയാണ് ഒരു ഇടവക. അന്തോക്യയിലെ ക്രിസ്ത്യാനികളെ നോക്കി വിജാതീയർ "വിശുദ്ധർ" എന്നാണ് അഭിസംബോധന ചെയ്തത്. അതിന് അവരെ പ്രേരിപ്പിച്ചത് ആ സമൂഹത്തിന്റെ ദൈവത്തിലുള്ള ആഴമേറിയ വിശ്വാസം ആണ്. വിശ്വാസത്തിന് സജീവസാക്ഷ്യം വഹിക്കുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്ത്യാനികളാകുന്നത്. ഫ്രാൻസീസ് മാർപാപ്പയുടെ "വിശ്വാസത്തിന്റെ വെളിച്ചം" (Lumen Fidei) എന്ന ചാക്രികലേഖനത്തിൽ വിശ്വാസത്തിന്റെ വിവിധ മാനങ്ങളെ വിലയിരുത്തുന്നുണ്ട്. അതിലെ ചില ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

പഴയനിയമത്തിൽ വിശ്വാസം എന്ന പദത്തിന് 'എമൂനാ' (emunah) എന്ന ഹീബ്രു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ വിശ്വസ്തതയും മനുഷ്യന്റെ വിശ്വാസവും ഉൾച്ചേരുന്നതാണ് ഈ യാഥാർത്ഥ്യം. വിശ്വാസത്തിന്റെ മനുഷ്യൻ, വിശ്വസ്തനായ ദൈവത്തിന്റെ കരങ്ങളിൽ സ്വയം ഭരമേല്പിച്ചുകൊണ്ട് ശക്തിയാർജ്ജിക്കുന്നു. Pistos എന്ന ഗ്രീക്ക് പദവും Fidelis എന്ന ലത്തീൻ പദവും Faithful എന്ന ഇംഗ്ലീഷ് പദവും ദ്യോതിപ്പിക്കുന്ന രണ്ടർത്ഥങ്ങളുണ്ട്- 1. "വിശ്വസ്തൻ" 2. "വിശ്വാസി". ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും വിശ്വാസമർപ്പിക്കുമ്പോൾ മനുഷ്യൻ വിശ്വാസിയായി (faithful) തീരുന്നു. താൻ വാഗ്ദാനം ചെയ്തിരിക്കുന്നത് മനുഷ്യന് പ്രദാനം ചെയ്യുമ്പോൾ ദൈവവും വിശ്വസ്തനായി (faithful) തീരുന്നു.

ക്രൈസ്തവവിശ്വാസം നയിക്കുന്നവരിൽ രണ്ടു തരം സമീപനങ്ങളുണ്ട്.

1. <u>യേശു "വിനെ" വിശ്വസിക്കുന്നവർ</u>

യേശു സത്യവാനായതിനാൽ അവിടുത്തെ വചനവും സാക്ഷ്യവും അംഗീകരിക്കുന്നു. ഈ വിശ്വാസം നമ്മുടെ വ്യക്തിജീവിതത്തെ ആഴമേറിയ രീതിയിൽ സ്വാധീനിക്കുന്നുണ്ടോ എന്നത് സംശയമാണ്.

2. <u>യേശു"വിൽ" വിശ്വസിക്കുന്നവർ</u> അങ്ങനെയുള്ളവർ പ്രഥമവും പ്രധാനവുമായി ചെയ്യുന്ന കാര്യം അവർ ദൈവത്തിൽ പൂർണ്ണമായി, ആഴമായി, ശരണപ്പെടുന്നവരായിരിക്കും. അവരുടെ ജീവിതങ്ങൾ വാഗ്ദാന

ങ്ങളിൽ വിശ്വസ്തനായ കർത്താവ് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു. പിതാവായ ദൈവത്തിലേയ്ക്ക് എത്തിച്ചേരാനുള്ള ഏകമാർഗ്ഗം പുത്രനായ യേശുക്രിസ്തുവാണെന്ന് ബോധ്യമുള്ളവരാണ് അവർ. യേശുവിനെ അകലെനിർത്തി അവന്റെ നന്മകൾ പ്രകീർത്തിക്കൽ മാത്രമല്ല ക്രൈസ്തവവിശ്വാസം. നമ്മുടെ വ്യക്തിപരമായ ജീവിതത്തിലേയ്ക്ക് അവിടുത്തെ ക്ഷണിക്കുകയും അവനെ സ്നേഹപൂർവ്വം സ്വീകരിക്കുകയും അവന്റെ **മിഴികളിൽ നോക്കി** അവന്റെ **മൊഴികളനുസരിച്ച്** അവന്റെ **വഴികളിലൂടെ** നടക്കുവാൻ നമുക്ക് സാധിക്കുകയും വേണം. സഹനവേളകളിൽ, പരീക്ഷണങ്ങളുടെ നിമിഷങ്ങളിൽ, കുരിശിന്റെ തണലിൽ അഭയം കണ്ടെത്താൻ നമുക്ക് സാധിക്കണം. ഉത്ഥാനം ചെയ്ത മിശിഹായിൽ ആനന്ദമനുഭവിക്കണം.

യേശുവിനെ വെറുതെ ഉറ്റുനോക്കലല്ല വിശ്വാസം; മറിച്ച്, യേശു സ്വന്തം കണ്ണുകളാൽ കാണുന്നതുപോലെ എല്ലാം ദർശിക്കുന്നതാണത്. അവിടുത്തെ കാഴ്ചപ്പാടിലുള്ള പങ്കുപറ്റലാണത്. നമ്മെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും പുതിയ കണ്ണുകൾകൊണ്ട് യാഥാർത്ഥ്യത്തെ കാണാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അളവറ്റ സ്നേഹം നാം സ്വീകരിക്കുമ്പോഴാണ് വിശ്വാസ ധാരണ ഉണ്ടാകുന്നത്. വിശ്വാസത്തിന്റെ കൗദാശികസ്വഭാവം ഏറ്റവും കൂടുതൽ പ്രകാശിതമാകുന്നത് ദിവ്യകാരുണ്യത്തിലാണ്. ദിവ്യകാരുണ്യം വിശ്വാസത്തിന് അമൂല്യമായ പോഷണമാണ്. വി. കുർബ്ബാനയിലുള്ള വിശ്വാസം നമ്മുടെ ആന്തരിക ജീവിതത്തേയും ബാഹ്യജീവിതത്തേയും ഏറെ സ്വാധീനിക്കും. അതോടൊപ്പംതന്നെ കുടുംബത്തിലെ കുർബ്ബാനയായിരിക്കുന്ന ജപമാല, കുടുംബത്തെ ഐക്യത്തിൽ നിലനിർത്തുവാനും ജീവിതത്തിൽ സന്തോഷവും സമാധാനവും കണ്ടെത്തുവാനും സഹായിക്കുകയും ചെയ്യും.

മറ്റൊരു കാര്യം നമ്മൾ ഓർക്കുന്നത് നല്ലതാണ്. വിശ്വസിക്കുന്നവർ ഒരിക്കലും ഒറ്റയ്ക്കല്ലെന്ന യാഥാർത്ഥ്യം. ദൈവത്തിലുള്ള വിശ്വാസത്തോടൊപ്പം (Belief) ദൈവജനത്തോടുള്ള പ്രതിബദ്ധതയും (Belongingness) നമുക്കുണ്ടാകണം. ഇടവകയോട് ചേർന്ന് വി. ബലിയിൽ പങ്കുകൊള്ളുകയും ഇടവകയിലെ കാരുണ്യപ്രവർത്തികളിൽ സജീവമായി സഹകരിക്കുകയും ചെയ്യുമ്പോഴാണ് നാം യഥാർത്ഥ വിശ്വാസികളായിതീരുന്നത്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കണം. സ്നേഹത്തിലൂടെ കർമ്മനിരതമായ വിശ്വാസമാണ് പ്രാധാന്യമർഹിക്കുന്നതെന്ന് വി. പൗലോസ്ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ടല്ലോ. കത്തോലിക്കാ സഭയുടെ അമരത്തിരിക്കുന്ന പ്രധാനാചാര്യനായ ഫ്രാൻസിസ് പാപ്പ നമുക്കേവർക്കും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മാതൃകയാണ്. വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള ആഘോഷങ്ങളും ആചരണങ്ങളും ഉണ്ടാകട്ടെയെന്നാശംസിക്കുന്നു. മതപരമായ അജ്ഞത,

(തുടർച്ച പേജ് 12)

# എന്തു നല്ലമ്മ... എന്നുടെ അമ്മ

സി, ക്രിസ്റ്റ് FCC, മാപ്രാണം

പ്രിയപ്പെട്ട വായനക്കാരേ...

'ഹോളിവോയ്സ്' പരിശുദ്ധമായ കുരിശിന്റെ നാമത്തിലുള്ള നമ്മുടെ ഇടവകയുടെ കറയില്ലാത്ത ശബ്ദം, അതെ..... അതാണ് ഹോളി വോയ്സ്. ഈ ലക്കം മുതൽ ഹോളിവോയ്സ് നമ്മെ വഴി നടത്തുന്നു, പരിശുദ്ധ അമ്മയിലേക്ക്.... കറയില്ലാതെ ജനിച്ച്, ജീവിച്ച്, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവളാണ് പരിശുദ്ധ അമ്മ.

"അമ്മേ" എന്ന വിളിക്കു മുമ്പിൽ കരളലിയാത്തവരായി ആരുണ്ടീഭൂമിയിൽ? പിറന്നുവീഴുന്ന കുഞ്ഞിന്റെ സംസാരഭാഷ തുടങ്ങുന്നതും 'മ്മ', 'അമ്മ' എന്നുതന്നെ. പ്രായവ്യത്യാസങ്ങളില്ലാതെ, വലുപ്പചെറുപ്പങ്ങളില്ലാതെ മനുഷ്യനെന്നും ഒരു അമ്മ മടിത്തട്ടിന്റെ താങ്ങും തലോടലും ഒഴിച്ചുകൂടാനാവാത്തതാണ്. പ്രായവും കാലവും, അമ്മയുടെ ശാരീരിക സാന്നിധ്യം ഒരുവന് നഷ്ടപ്പെടുമ്പോൾ അവന് തല ചായ്ക്കാനൊരിടം... അമ്മതൻ നെഞ്ചിൻ കൂട്... ആശ്വാസത്തിനൊരുറവ. ആ മാതൃഹൃദയം അതെ.... അതാണ് നമ്മുടെ അമ്മ. പരിശുദ്ധഅമ്മ.

വിവിധ സ്ഥലകാല സാഹചര്യങ്ങളിൽ, വ്യത്യസ്തങ്ങളായ നാമങ്ങളിൽ അറിയപ്പെടുന്ന പരിശുദ്ധ അമ്മയെ നമുക്ക് പരിചയപ്പെടാം... അറിയാം... അറിഞ്ഞ് സ്നേഹിച്ച് സ്വന്തമാക്കാം.




## (Our Lady of Nativity )

ദാവീദു രാജാവിന്റെ കുടുംബത്തിൽ ജൊവാക്കിമിന്റെയും അന്നായുടേയും മകളായി കന്യകാമറിയം ജനിച്ചു. രക്ഷകന്റെ ജനനം സൂര്യോദയമാണെങ്കിൽ, മറിയത്തിന്റെ ജനനം ഉഷകാല നക്ഷത്രത്തിന്റെ ഉദയമാണ്. ക്രിസ്തുമസ് ആനന്ദത്തിന്റെ തിരുനാളാണെങ്കിൽ മേരിമസ് സന്തോഷത്തിന്റേയും കൃതജ്ഞതയുടേയും തിരുനാളായി കൊണ്ടാടേണ്ടതാണ്. ഈശോ ദൈവപുത്രനാകയാൽ മേരി ദൈവമാതാവാണ്.

അന്നായുടെ ഈ കുഞ്ഞ് സുന്ദരിയാണെങ്കിലും മറ്റു കുഞ്ഞുങ്ങളിൽ

നിന്ന് ബാഹ്യദൃഷ്ടിയിൽ എന്തു വ്യത്യാസമാണ് ഉള്ളത്? "മുള്ളുകൾക്കിടയിലെ ലില്ലിപ്പൂ പോലെയാണ് കന്യകമാരുടെ ഇടയിൽ എന്റെ ഓമന." ഉത്തമഗീതത്തിലെ ഈ വാക്യം മറിയത്തെപറ്റിയാണെന്ന് കരുതപ്പെടുന്നു. ഉത്ഭവപാപമില്ലാതെ പിറന്നുവീണ പ്രകാശഗോപുരം. ആ പ്രകാശ ഗോപുരത്തിൽ ഒഴുകിയിറങ്ങിയ വിശുദ്ധിയും, മഹത്വവും വർണ്ണിച്ചത് കണ്ട വി. അൽഫോൻസ് ലിഗോരി "മേരിമഹത്വം" എന്ന തന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. "മറിയത്തിന്റെ ഉത്ഭവ സമയത്ത് അവൾ സ്വർഗ്ഗത്തിലെത്തിയിട്ടുള്ള ഏതു വിശുദ്ധരെക്കാളും പ്രസാദവരപൂർണ്ണയായിരുന്നു." ഈ അമ്മയുടെ ജനനത്തിൽ സ്വർഗ്ഗവാസികൾ ആനന്ദിക്കുന്നു, ഭൂവാസികൾ ആഹ്ളാദിക്കുന്നു. പിറന്നാൾ സമ്മാനമായി, അമ്മയുടെ സുകൃതങ്ങൾ സ്വന്തമാക്കി, നമുക്കും അമ്മയുടെ പ്രിയപ്പെട്ടവരാകാം.

**"എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഓമ്മ."**

---

## വിശ്വാസമെന്ന പുണ്യം (തുടർച്ച)

അഹങ്കാരത്തിന്റെയും അശുദ്ധിയുടേതുമായ പാപങ്ങൾ, മതവിശ്വാസം തകർക്കുന്ന പുസ്തകങ്ങളുടെ വായന, നിരീശ്വരവ്യക്തികളുമായിട്ടുള്ള സൗഹൃദം ഇവ വഴിയായി വിശ്വാസം ക്ഷയിക്കപ്പെടുന്നു. ദൈവികദാനമായ വിശ്വാസം നമ്മുടെ ആത്മീയജീവിതത്തിന്റെ അടിസ്ഥാനമാണ്. അത് നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുന്നു. ദൈവവുമായിട്ടുള്ള ഐക്യം സാധിക്കുന്നു. ദൈവത്തെകുറിച്ചും ദൈവികകാര്യങ്ങളെകുറിച്ചുമുള്ള അറിവ് വർദ്ധിപ്പിക്കുന്നു. നമ്മുടെ പ്രതിസന്ധികളിൽ നമുക്കാശ്വാസമാണ് വിശ്വാസമെന്ന പുണ്യം. പ്രാർത്ഥനയും വ്യക്തിപരമായ പ്രയത്നങ്ങളും വഴി നമ്മുടെ വിശ്വാസത്തെ നമുക്ക് വർദ്ധിപ്പിക്കാൻ സാധിക്കും. ദൈവം നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം. ശ്ലീഹന്മാർ പ്രാർത്ഥിച്ചതുപോലെ "ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കണമേ" എന്ന് പ്രാർത്ഥിക്കാം. ദൈവവചനം പഠിക്കുവാനായി നമുക്ക് പരിശ്രമിക്കാം. ദൈവത്തിന്റെ കരം എല്ലാ സൃഷ്ടികളിലുമുണ്ടെന്ന് നമുക്ക് ദർശിക്കാം. ജീവിതത്തിലെ പ്രതിസന്ധികൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാനും അതിൽനിന്ന് ദൈവം എന്തെങ്കിലും നന്മ ആഗ്രഹിക്കുന്നുണ്ടെന്ന് നമുക്ക് ബോദ്ധ്യമാകാനും ഇടവരട്ടെ. അന്ധവിശ്വാസവും അവിശ്വാസവും മാറ്റി സത്യവിശ്വാസത്തിലേക്ക് നമുക്ക് കടന്നുവരാം.

# വിശുദ്ധരുടെ ജീവിതത്തിലൂടെ...

സി, ഡെൽസ മരിയ FCC മാപ്രാണം


## വി.സിസിലി (നവംബർ 22)



വി. സിസിലി ഒരുത്തമ കുടുംബത്തിൽ ജനിച്ച റോമാക്കാരിയാണ്. ക്രിസ്തുമത തത്വങ്ങൾ അവൾ നന്നായി അഭ്യസിച്ചിരുന്നു. യൗവ്വനത്തിൽ തന്നെ അവൾ നിത്യകന്യാത്വം നേർന്നു. എന്നാൽ മാതാപിതാക്കന്മാർ വലേരിയൻ എന്ന കുലീന യുവാവിനെ വിവാഹം കഴിക്കാൻ സിസിലിയെ നിർബന്ധിച്ചു. ഭർത്താവിനോട് സിസിലി പറഞ്ഞു "എനിക്കൊരു രഹസ്യം പറയാനുണ്ട്. ഒരു ദൈവദൂതൻ എന്നെ സൂക്ഷിച്ചുകൊണ്ടാണിരിക്കുന്നത്. വിവാഹമുറക്ക് അങ്ങ് എന്നെ സ്പർശിച്ചാൽ ദൈവദൂതൻ കോപിക്കും. അങ്ങ് സഹിക്കേണ്ടതായിവരും. എന്റെ നിത്യകന്യാത്വം അങ്ങ് സമാദരിക്കുകയാണെങ്കിൽ എന്നെ സ്നേഹിക്കുന്നതുപോലെ ആ ദൂതൻ അങ്ങയേയും സ്നേഹിക്കും." ആ ദൂതനെ ഞാൻ കാണട്ടെ. എങ്കിൽ ഞാൻ അതുപോലെ ചെയ്യാം, ഭർത്താവ് മറുപടി പറഞ്ഞു. അവിശ്വാസിയായ ഭർത്താവിനോട് സിസിലി പറഞ്ഞു. "നിങ്ങൾ ജ്ഞാനസ്നാനപ്പെട്ടാൽ ആ ദൈവദൂതനെ കാണാൻ കഴിയും."വലേരിയനെ ബിഷപ്പ് ഉർബൻ ജ്ഞാനസ്നാനപ്പെടുത്തി. തിരിച്ചുവന്നപ്പോൾ വലേരിയൻ ദൈവദൂതനെ കണ്ടു. ഇതറിഞ്ഞ റോമൻ ഉദ്യോഗസ്ഥർ വലേരിയനെ പിടിച്ചുകെട്ടി തുറുങ്കിലടയ്ക്കുകയും പിന്നീട് കൊല്ലുകയും ചെയ്തു.

സിസിലിയെ ശ്വാസം മുട്ടിച്ചു കൊല്ലാൻ വിധിയുണ്ടായി. അവളെ ഒരു തീച്ചൂളയിൽ ഒന്നര ദിവസം ഇട്ടു. എന്നാൽ അഗ്നി അവളുടെ ശരീരത്തെ സ്പർശിച്ചില്ല. ഒരു തലമുടിനാരു പോലും കരിഞ്ഞില്ല. ഒരു ആരാച്ചാരു വന്ന് നിയമപ്രകാരം 3 പ്രാവശ്യം അവളെ വെട്ടി. തല പകുതി മുറിഞ്ഞ് തറയിൽ രണ്ടു ദിവസം ജീവനോടെ കിടന്നു. അവിടെ കിടന്ന് സങ്കീർത്തന

(തുടർച്ച പേജ് 26ൽ)



# വിശ്വാസത്തിൽ ജീവിക്കുന്ന ക്രിസ്തു

**പോളി അറക്കൽ, മാപ്രാണം**

**“കർത്താവായ യേശുവിനെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ അവനിൽ വിശ്വസിക്കുവിൻ” - കൊളോസോസ് 2,6**

‘വിശ്വസിക്കുക’ എന്നതിന് വിശദീകരണങ്ങളും അർത്ഥവ്യാഖ്യാനങ്ങളും ധാരാളമായി ഉണ്ടാവുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം. ഒരു പക്ഷേ, വിശ്വാസം ഒരു സാക്ഷ്യം അല്ലെങ്കിൽ മാനസികമായ ഒരു പ്രവർത്തന വിശേഷം എന്നതിലുപരി, മനുഷ്യാത്മാവിന്റെ ദൈവീകമായ അനുഭൂതികളുടെ പരിപൂരണത്തിന് അഥവാ അനുഭവത്തിന് കാരണമാകുമ്പോഴാണ് യഥാർത്ഥത്തിൽ ഈ വിശദീകരണങ്ങളുടെ - വ്യാഖ്യാനങ്ങളുടെ പ്രസക്തിയും അപ്രസക്തിയും വിഷയീഭവിക്കുക.

ഒരു വ്യക്തിയുടെ, ഒരു കൂട്ടായ്മയുടെ അതുമല്ലെങ്കിൽ ഒരു പ്രസ്ഥാനത്തിന്റെ സുചിന്തിതങ്ങളായ താൽപര്യമോ, കാഴ്ചപ്പാടുകളോ അനുസരിച്ചായിരിക്കും സൂചിപ്പിച്ച വിശേഷണ, വ്യാഖ്യാനരീതികൾ. ഒട്ടുമിക്കവാറും അത്തരം കാരണങ്ങൾ എല്ലാംതന്നെ സ്വാർത്ഥ ജടിലമായ, തീർത്തും സങ്കുചിതങ്ങളായ ചൂഷണ ലക്ഷ്യങ്ങളിൽ ചുവടുറപ്പിക്കുന്നവയാണ്. അതേസമയം, അത്യാകർഷകം എന്നു പറയാവുന്ന സങ്കേതങ്ങളിലൂടെ ‘തങ്ങളുടേതാണ് ശരിയായവഴി’ എന്ന് വിശ്വാസമുളവാക്കും വിധത്തിൽ മറ്റുള്ളവരിൽ മാനസികമായ ഒരു പ്രതിപ്രവർത്തനത്തിന് - ആശയപരമായ ഒരു പ്രക്ഷാളനത്തിന് - വൈദഗ്ധ്യം നേടിയവരാണ് ഇത്തരക്കാർ എന്നത് ഗൗരവതരമായ കരുതൽ ഉണ്ടായിരിക്കേണ്ട വസ്തുതയാണ്. ഇക്കൂട്ടരെ ഇന്ന് നമ്മുടെ ചുറ്റുപാടും കണ്ടുമുട്ടുന്നുമുണ്ട്. അത്തരക്കാർക്കെതിരെ സുവിശേഷങ്ങളിലൂടെ, സഭയുടെ പഠനങ്ങളിലൂടെ നൽകപ്പെടുന്ന മുന്നറിയിപ്പുകൾ, വസ്തുനിഷ്ഠവും സുവ്യക്തവുമായ ദൈവിക ഇടപെടലുകളുടെ പ്രത്യക്ഷോദാഹരണങ്ങളുമാണ്.

സഭ വിശ്വാസവർഷമായി ആചരിക്കുന്ന ഈ കാലയളവിൽ നമ്മളോർത്തിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. നമ്മുടെ വിശ്വാസത്തെ പാറമേൽ പണിതീർത്ത ഭവനംപോലെ നിത്യമായും സുരക്ഷിതമാക്കുന്ന പരമസത്യങ്ങൾ! ക്രിസ്തുവിന്റെ - കന്യകാസുതനായി, ദൈവാത്മാവിനാൽ മനു

ഷ്യാവതാരമെടുത്ത് ഈ ഭൂമിയിൽ അവതീർണ്ണനായി, നമ്മിലൊരുവനായി ജീവിച്ച് തന്റെ അവതാരലക്ഷ്യങ്ങളുടെ പ്രവർത്തനത്തിനും പൂർത്തീകരണത്തിനുമായി, താൻ പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്ത സത്യവിശ്വാസത്തിന്റെ – നിത്യജീവനേകുന്ന സുവിശേഷത്തിന്റെ – സാക്ഷാത്കാരത്തിനായി, പാപം ചെയ്ത് പറുദീസായും താതനായ ദൈവത്തിന്റെ സ്നേഹസാമീപ്യവും, സംരക്ഷണവും നഷ്ടമാക്കിയ ആദിമ മനുഷ്യന്റെയും അവന്റെ പരമ്പരകളുടെയും, ഇനി ലോകാവസാനം വരെയും ഇവിടെ ജീവിച്ചു മരിച്ചവരും അല്ലാത്തവരുമായ സകല ജനത്തിന്റെയും പാപങ്ങളുടെ മോചനത്തിനും നിത്യരക്ഷയ്ക്കും വേണ്ടി, മനോവാക്കിലടങ്ങാത്ത പീഡകളും പീഡനങ്ങളുമേറ്റ് തനിക്കായി വിധിക്കപ്പെട്ട കഴുമരവും തോളിലേറ്റി കാൽവരിയിൽ താൻ ചുമലേറ്റികൊണ്ടുവന്ന ആ പാപക്കുരിശിൽ, അതെ! നമ്മൾ മാനവരാശി ഒന്നടങ്കം ചെയ്തുകൂട്ടിയ കൊടും പാപ – പാതകങ്ങളുടെ ആകത്തുകയായ മരക്കുരിശിൽ – സ്വാർത്ഥതയുടെ, നന്ദികേടിന്റെ, മൃഗവാസനകളുടെ കൂർത്തുമൂർത്ത മൂന്നു കാരിരുമ്പാണികളിൽ തൂങ്ങി പരിഹാരബലിയായി, ജീവനേകിയ – ബലിയായി, ക്ഷമിക്കുന്ന സ്നേഹത്തിന്റെ ബലിയായി, സർവ്വോപരി അതുവരെ ലോകം കണ്ടിട്ടില്ലാത്ത, ഇനി കാണാനുമാവാത്ത മഹാകാരുണ്യത്തിന്റെ സമർപ്പണബലിയായിത്തീർന്ന സ്നേഹസർവ്വസ്വമായ യേശുനാഥന്റെ – ദൈവപുത്രന്റെ മാനവത്വവും ദൈവത്വവും നിത്യമായ സത്യങ്ങളും മാനവബുദ്ധിക്കതീതമായ ദൈവരഹസ്യങ്ങളുമാണെന്ന് അവിടുന്ന് തന്നെ നമ്മെ മനസ്സിലാക്കിത്തന്നതല്ലേ? അവിടുത്തെ മനുഷ്യാവതാരവും പരസ്യജീവിതം എന്നു വിശേഷിപ്പിക്കപ്പെടുന്ന സുവിശേഷ പ്രചരണദൗത്യവും ലോകത്തിന് പുതുജീവനേകിയ സ്വർഗ്ഗീയ സുവിശേഷങ്ങളും, രാജാധിരാജനായി പ്രകീർത്തിച്ചു ആഘോഷിക്കപ്പെട്ട പെസഹാത്തിരുനാളും ഒറ്റിക്കൊടുക്കപ്പെട്ട സ്നേഹത്തിന്റെ കൊടും യാതനകളും കാൽവരിയിലെ പീഡാനുഭവങ്ങളും കുരിശുമരണവും മൂന്നാം നാളിലെ പ്രത്യാശയാർന്ന ഉത്ഥാനവും മഹത്വത്തിന്റെ മകുടം ചൂടിയ സ്വർഗ്ഗാരോഹണവും തീർന്നില്ല! ഒന്നുവിട്ടുപോയി! തിരുനാൾ സ്മരണക്കായി നാഥൻ നൽകിയ അനശ്വരമായ ആ സ്വർഗ്ഗജീവനേകുന്ന സമ്മാനം! – അതിനപ്പുറം വിശേഷിപ്പിക്കേണ്ടതെങ്ങിനെയെന്ന് മനുഷ്യബുദ്ധിക്ക് സങ്കൽപ്പിക്കാൻ പോലുമാകാത്ത രക്ഷയുടെ മഹാത്ഭുതം! ഇന്നും എന്നും എല്ലായ്പ്പോഴും നമ്മെ ജീവിപ്പിക്കുന്ന നിത്യജീവന്റെ പരമമായ മഹാരഹസ്യം! – ദിവ്യകാരുണ്യം!- തന്റെ പ്രിയ സുതരുമൊത്തുള്ള സന്തത സഹവാസം നിവർത്തിയ്ക്കാൻ, ദൈവപുത്രൻ കനിഞ്ഞരുളിയ വരദാനമായി അപ്പത്തിന്റെയും പാനീയത്തിന്റെയും സാദൃശ്യരൂപങ്ങളിൽ നിശ്ശബ്ദനായി, നിത്യവാചാലനായി വാണരുളുന്ന ദൈവം! ഒപ്പംതന്നെ മനുഷ്യമക്കൾക്ക് നിത്യജീവിതമേകുന്ന ഭോജ്യ-പാനീയങ്ങളായി സ്വയം ശൂന്യനാകുന്ന, സ്നേഹസാഫല്യത്തിന്റെ മൂർത്തിഭാവമായിത്തീരുന്ന ത്യാഗസർവ്വസ്വം! ഇതൊക്കെയല്ലേ സത്യക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനശിലകൾ? പ്രത്യാശയരുളുന്ന നിത്യ ജീവന്റെ

നിറഞ്ഞു ശോഭിക്കുന്ന ദീപനാളങ്ങൾ?

ഇവയിലൊന്നും വിശ്വാസമർപ്പിക്കാത്ത, അതിനൊരുങ്ങാത്ത, സംശയങ്ങളുടെ പുക പിടിച്ച ഇരുൾ മുറികളിൽ ഉറങ്ങുകയോ, ഉറക്കം നടിക്കുകയോ ചെയ്യുന്ന അഭിനവ നസ്രാണികളാണോ നമ്മൾ? സ്വന്തം താൽപര്യങ്ങളോടും സങ്കുചിത യുക്തിചിന്തകളോടും സമരസപ്പെട്ട അർത്ഥശൂന്യമെന്ന് സ്വയമേ അറിയാവുന്ന പുത്തൻ പരീശർ – യേശുനാഥന്റെ വാക്കുകളിൽ വിശേഷിപ്പിച്ചാൽ – 'വെള്ളയടിച്ച ശവക്കല്ലറകൾ' ആകുകയാണോ നമ്മൾ? എങ്കിൽ, എങ്കിൽ പ്രിയസോദരരെ, എന്നേയും നിങ്ങളേയും പോലുള്ള എല്ലാവരേയും നോക്കിത്തന്നെയാണ് അന്ന് കുരിശിൽ കിടന്ന് മരണവേദനയ്ക്കിടയിലും ആ കന്യാസുതൻ – ദൈവപിതാവിന്റെ പ്രിയപുത്രൻ കേണിരന്നത്! ഇന്നും ആവർത്തിച്ചുകൊണ്ടേയിരിക്കുന്ന കരളുരുകുന്ന ആ പ്രാർത്ഥന. 'പിതാവേ, ഇവരെന്താണ് ചെയ്യുന്നതെന്ന് അറിയായ്കയാൽ ഇവരോടു നീ പൊറുക്കണേ'

ഓ എന്റെ ദൈവമേ, എന്റെ പിഴ, എന്റെ വലിയ പിഴ! എന്ന് ആ തിരുസന്നിധിയിൽ ഏറ്റുപറയാം. ധൂർത്ത പുത്രനെപ്പോലെ സ്വന്തം അരുതായ്കകളും അപരാധങ്ങളും ഏറ്റുപറഞ്ഞ് അനുരഞ്ജനത്തിന്റെ പാതയിലേക്കിറങ്ങാം. "പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും പിഴച്ചുപോയി, പാപം ചെയ്തകന്നുപോയി! കനിവുണ്ടാകണമേ" നമുക്ക് യാചിക്കാം. ആത്മപരിശോധനയുടെ തിരുത്തലുകളോടെ, ഹൃദയത്തിലൂറുന്ന അനുതാപത്തോടെ, നമുക്ക് ആ കുരിശിൻ ചുവട്ടിലേക്കു മടങ്ങാം. ആ തിരുമാറിൽ നിന്നും കിനിയുന്ന നിണ- നീർത്തുള്ളികളിൽ നിറവാർന്ന് പവിത്രീകരിക്കപ്പെടാം.

നമ്മുടെ നഷ്ടനാളുകളെക്കുറിച്ചോർത്ത് മാപ്പിരക്കാം. അവിടുത്തെ കരുണ നിറഞ്ഞ ഓർമ്മപ്പെടുത്തലുകൾക്ക്, അതിനാൽതന്നെ നമ്മുടെ കർത്താവായ ദൈവത്തെ സ്തുതിയ്ക്കാം. എന്നേയ്ക്കും മഹത്വപ്പെടുത്താം. നാമായിരിക്കുന്ന ഈ നാളുകളെക്കുറിച്ചോർത്ത് ഉത്കണ്ഠയാർന്ന മനസ്സോടെ, ആത്മശോധന നടത്താം. അതിനായി ദൈവം നൽകിയ അവസരങ്ങൾക്ക് നന്ദിപറയാം! നിറഹൃദയങ്ങളോടെ തിരുനാമം വാഴ്ത്താം! ഇനിയും നമുക്കിവിടെ ലഭിച്ചേക്കാവുന്ന ഭാവി നാളുകളിൽ നമുക്കവിടുത്തെ സന്നിധിയിലായിരിക്കാം. നിത്യജീവന്റെ പ്രത്യാശയിൽ കഴിയാം. തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകുന്ന ആ വലിയ അനുഗ്രഹത്തിനായി അവിടുത്തേയ്ക്ക് ആരാധനയും സ്തുതിയും മഹത്വവുമേകാം! അങ്ങിനെ നമുക്കവിടുത്തെ ദാസരും പ്രിയസുതരുമായി മാറാം! സ്വർഗ്ഗീയവാസികൾ വിസ്മയപ്പെടുന്ന ദിവ്യകാരുണ്യസന്നിധിയിലെ സ്വർഗ്ഗീയവലയത്തിൽ തിരുമുഖദർശനം കാത്ത് നമുക്ക് കഴിയാം. അങ്ങിനെ ഈ വിശ്വാസവർഷാചരണം ആ വലിയ കൃപയുടെ വഴിത്താരകൾ തീർത്ത് പ്രകാശം ചൊരിയാൻ ഇടവരുത്തട്ടെ!

**ഹല്ലേലൂയ! അത്യുന്നത ദൈവത്തിന് മഹത്വം!**

# സഭാവാർത്തകൾ

സി, ഡെൽസ മരിയ FCC മാപ്രാണം

**1, ചൈനക്കുവേണ്ടി പ്രാർത്ഥിക്കണം : മാർപാപ്പ**

ലോകം മുഴുവൻ ചൈനക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഫ്രാൻസീസ് മാർപാപ്പ. ചൈനയിൽ വിശ്വാസം വർദ്ധിക്കുന്നതിനും, ക്രിസ്ത്യാനികൾ തങ്ങൾക്കു ലഭിച്ച വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുന്നതിനും ലോകമെമ്പാടുമുള്ള ജനങ്ങൾ പ്രാർത്ഥിക്കണമെന്ന് വിശ്വാസി സമൂഹത്തോട് ഫ്രാൻസീസ് പാപ്പ ആവശ്യപ്പെട്ടു. തുടർന്ന് ചൈനയിലെ വിശ്വാസ സമൂഹത്തെ ചൂണ്ടികാണിക്കുന്ന 'സ്ട്രോങ്ങ് ഇൻ ട്രിബ്യൂലേഷൻ' എന്ന പേരിൽ ഒരു ബുക്ക്‌ലെറ്റും പ്രകാശനം ചെയ്തു.

**2, അബുദാബിയിൽ കത്തോലിക്കാ ദൈവാലയം :**

വി. പൗലോസിന്റെ നാമത്തിലുള്ള കത്തോലിക്കാ പള്ളിയുടെ ശിലാസ്ഥാപനം മാർ പോൾ ഹിൻഡർ നിർവ്വഹിച്ചു. മുസ്സാഫയിലാണ് പള്ളി സ്ഥാപിതമാകുന്നത്. 15000 കത്തോലിക്കർ അവിടെയുണ്ട്.

**3, മോൺ, പോൾ പള്ളത്ത് വത്തിക്കാൻ തിരുസംഘത്തിൽ റിലേറ്റർ :**

റോമിൽ വിശുദ്ധരുടെ നാമകരണപരിപാടികൾക്കായുള്ള തിരുസംഘത്തിലെ റിലേറ്ററായി പാലാ രൂപതാംഗം മോൺ. പോൾ പള്ളത്തിനെ ഫ്രാൻസീസ് മാർപാപ്പ നിയമിച്ചു. ഈ പദവിയിലെത്തുന്ന ആദ്യ ഇന്ത്യക്കാരനാണിദ്ദേഹം.

**4, ലഹരി വിരുദ്ധ ആഘോഷ സംസ്കാരം വളർത്തണം :**

ലഹരിവിരുദ്ധവും ആർഭാടരഹിതവുമായ ആഘോഷങ്ങളുടെ സംസ്കാരം കുടുംബങ്ങൾ വളർത്തിയെടുക്കണമെന്ന് ഇരിങ്ങാലക്കുട രൂപത കുടുംബകൂട്ടായ്മ യോഗം ആവശ്യപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോജി കല്ലിങ്ങൽ ഉദ്ഘാടനം ചെയ്ത് സന്ദേശം കൈമാറി.

**5, മനക്കൊടി, വെളുത്തൂർ പള്ളികൾ ഇടവകകളായി പ്രഖ്യാപിച്ചു.**

അരിമ്പൂർ സെന്റ് ആന്റണീസ് ഇടവകയിൽ നിന്ന് പരിശുദ്ധ വ്യാകുലമാതാവിന്റെ തിരുനാൾ ദിനത്തിൽ മനക്കൊടി സെന്റ് ജോസഫ് പള്ളി, വെളുത്തൂർ സെന്റ് ജോർജ്ജ് പള്ളി സ്വതന്ത്ര ഇടവകകളായി പ്രഖ്യാപിച്ചു.

**6, വിശ്വാസവർഷ ജപമാല തീർത്ഥയാത്ര**

ഒക്ടോബർ 12 ശനിയാഴ്ച എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നിന്ന് ദേശീയ തീർത്ഥാടനകേന്ദ്രമായ വല്ലാർപാടം ബസിലിക്കയിലേക്ക് ജപമാല തീർത്ഥാടനം നടത്തി.

## വിശുദ്ധരുടെ ജീവിതത്തിലൂടെ തുടർച്ച

ങ്ങൾ മധുരമായി പാടി ദൈവത്തെ അവൾ സ്തുതിച്ചുകൊണ്ടിരുന്നു. അവളുടെ കീർത്തനം കേട്ട് കൊട്ടാര നിവാസികൾ തങ്ങളുടെ തെറ്റ് ഏറ്റുപറഞ്ഞ് മനസ്തപിച്ചു. അവൾ വിളിച്ചു പറഞ്ഞു. "ഹേ മനുഷ്യരെ, ഹൃദയതന്ത്രീനാദത്തോടെ ദൈവത്തെ സ്തുതിക്കുന്നത് എത്ര മഹനീയം! പാപികളായ നമുക്കുവേണ്ടി രക്തം ചിന്തിയ ഈശോയുടെ വേദനയോട് തട്ടിച്ചു നോക്കുമ്പോൾ എനിക്കിതൊരു വേദനയേ അല്ല. നിങ്ങൾ ദുഃഖത്തിലും ദുരിതത്തിലും, നഷ്ടത്തിലും പരാജയത്തിലും ദൈവസ്തുതി ആലപിക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കും." ഇതു പറഞ്ഞതിനു ശേഷം തന്റെ സ്വർഗ്ഗീയ കിരീടം വാങ്ങാൻ സിസിലി യാത്രയായി. AD 238 നവംബർ 22ന് പോൾ രണ്ടാമൻ മാർപാപ്പ സിസിലിയെ വിശുദ്ധയായി നാമകരണം ചെയ്തു.

രക്തം മുഴുവനും എണ്ണയായി തീരാനും ഞരമ്പ് തിരിയായി തീരാനും തുടങ്ങിയപ്പോഴും ദൈവസ്തുതി പാടിയ വി. സിസിലി "ദേവാലയ സംഗീതത്തിന്റെ" മദ്ധ്യസ്ഥയായി കരുതപ്പെടുന്നു. നവംബർ 22 വി. സിസിലിയുടെ തിരുനാൾ സാഘോഷം കൊണ്ടാടുന്നു. **"കഷ്ടതയിലും പീഡകളിലും ദൈവത്തിന് സ്തുതി പാടുന്നവരായി തീരുക." (വി. സിസിലി).**

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>മതിലകം | കുരുതുകുളങ്ങര ചിറ്റിലപ്പിള്ളി<br>മുത്തേടിപടിഞ്ഞാറ്റിൽ | വിൻസെന്റ്+കൊച്ചുത്രേസ്യ<br>ജോസ്+ഉഷ | വിന്റോ<br>ജോഷ്മ | 6-10-2013 |
| മാപ്രാണം<br>താഴേക്കാട് | ചിറയത്ത് കള്ളാപറമ്പിൽ<br>കളത്തിങ്കൽ | ജോസ്+ജോയ്സി<br>ജോൺസൺ+ത്രേസ്യ | ജെറിൻ<br>ഷെറിൻ | 14-10-2013 |

# മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | തെക്കൂടൻ | സിജോ + പൗളി | ഹെറോൺ (വർഗ്ഗീസ്) | 19-6-2013 | 22-9-2013 |
| മാപ്രാണം | ചിന്നൻ | മിൽട്ടൺ + നീതു | ഹെൻസക് സി. മിൽട്ടൺ | 23-8-2013 | 15-9-2013 |
| തുമ്പരത്തും കടവ് | അമ്പലത്തിങ്കൽ | ജിത്തു+ഷെറിൻ | ജോസിയാൻജിത്തു (ജോൺ) | 23-5-2013 | 22-9-2013 |
| നന്തിക്കര | മഞ്ഞളി | ജോമി + നിമി | ആൻഡ്രിയ (ബ്രിജിറ്റ്) | 11-7-2013 | 22-9-2013 |
| മാപ്രാണം | പൊഴോലിപറമ്പിൽ | ജിനീഷ് + നീതു | ആൻമരിയ | 9-7-2013 | 13-10-2013 |

# മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| ഇളംതുരുത്തി സുനി (ജോസഫ്) | 07-10-2013 | സെന്റ്. അൽഫോൻസ |

# പിന്നിട്ട ലോകം

**ജെസ്റ്റോ മാമ്പിള്ളി**

- രാജ്യത്തെ ആദ്യ വനിതാ മുഖ്യവിവരാവകാശ കമ്മീഷണറായി ദീപക് സന്ധു ചുമതലയേറ്റു.
- യു.എസ്. ഓപ്പൺ വനിതാകിരീടം സെറീന വില്യംസും പുരുഷവിഭാഗം കിരീടം റാഫേൽ നദാലും സ്വന്തമാക്കി.
- ദേശീയ ക്രിക്കറ്റ് അക്കാദമി ചെയർമാനായി ടി.സി. മാത്യു തിരഞ്ഞെടുക്കപ്പെട്ടു.
- 2012-ലെ ഇന്ദിരാഗാന്ധി പുരസ്കാരം ഡോ. എം.എസ്. സ്വാമിനാഥന് ലഭിച്ചു. ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ പിതാവാണ് ഇദ്ദേഹം.
- യൂറോപ്യൻ യൂണിയന്റെ 'സഖറോവ്' മനുഷ്യാവകാശ പുരസ്കാരം ഓങ്സാൻ സൂചിക്ക് ലഭിച്ചു.
- 2013 ലെ വയലാർ അവാർഡ് പ്രമുഖ സാഹിത്യകാരനായ പ്രഭാവർമ്മയ്ക്ക് ലഭിച്ചു. കൃതി "ശ്യാമമാധവം" (ഖണ്ഡകാവ്യം).
- ഇൻഡോനേഷ്യയിൽ നടന്ന മിസ് വേൾഡ് മത്സരത്തിൽ ഫിലിപ്പിൻസ് വനിത മിസ് മേഗൻ യങ് കിരീടം ചൂടി.
- രസതന്ത്രത്തിനുള്ള നൊബേൽ, അമേരിക്കൻ ശാസ്ത്രജ്ഞന്മാരായ മാർട്ടിൻ കാർപ്ലസ്, മൈക്കൽ ലെവിറ്റ്, ആരി വോർഷെൽ എന്നിവർ നേടി.
- ഭൗതിക ശാസ്ത്രത്തിനുള്ള നൊബേൽ, പീറ്റർ W ഹിഗ്സും ഫ്രാൻസൊ ഇൻഗ്ലർട്ടും സ്വന്തമാക്കി. അടിസ്ഥാന കണികയായ ഹിഗ്ഗ്സ് ബോസ്സോൺ സാധ്യത പ്രവചിച്ചതിനാണിത്.
- വൈദ്യശാസ്ത്ര നൊബേൽ, ജയിംസ് റോത്ത്മാൻ, റാൻഡി ഷെക്ക്മാൻ (USA) തോമസ് സുഡോഫ് (ജർമ്മൻ വംശജൻ) എന്നിവർ നേടി.
- സമാധാന നൊബേൽ രാസായുധ നിരോധന സംഘടനയായ OPCW (ഓർഗനൈസേഷൻ ഫോർ ദി പ്രൊഹിബിഷൻ ഓഫ് കെമിക്കൽ വെപ്പൺസ്) വിന് ലഭിച്ചു.
- സാഹിത്യത്തിനുള്ള നൊബേൽ, കനേഡിയൻ എഴുത്തുകാരി ആലീസ് മൺറോയ്ക്ക്. ഈ പുരസ്കാരം നേടുന്ന 13-ാമത്തെ വനിതയാണ് അവർ.
- മുൻ സോവിയറ്റ് റിപ്പബ്ലിക്കും എണ്ണ ഉത്പാദക രാജ്യവുമായ അസർബൈജാന്റെ പുതിയ പ്രസിഡണ്ടായി ഇലാം അലിയേവ് ചുമതലയേറ്റു.
- ഒറ്റ എൻജിൻ വിമാനത്തിൽ 14 രാജ്യങ്ങൾക്ക് മീതെ 200 മണിക്കൂർ പറന്ന് റിയാൻ കാംപ്ബെൽ ലോക റെക്കോർഡ് സ്വന്തമാക്കി.
- ബ്രിട്ടനിലെ ഹൈകമ്മീഷണറായി രഞ്ജൻ മത്തായി ചാർജെടുത്തു. ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറിയായിരുന്ന അദ്ദേഹം ഈ സ്ഥാനത്തെത്തിയ 7-ാമത്തെ മലയാളിയാണ്.
- സാഫ് ഫുട്ബോൾ കിരീടം ഇന്ത്യയെ 2-0ന് കീഴടക്കി അഫ്ഗാനിസ്ഥാൻ നേടി.

# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

സപ്ലൈ ആഫീസുമായി ബന്ധപ്പെട്ട ചില സേവനങ്ങളുടെ പ്രതിപാദനമാണല്ലോ കഴിഞ്ഞ ലക്കത്തിൽ നൽകിയിരുന്നത്. അതിന്റെ തുടർച്ചയായി ഏതാനും കാര്യങ്ങളാണ് ഈ ലക്കത്തിലെ വിവരണ വിഷയം.

**1, റേഷൻകാർഡിലെ പേരു തിരുത്തൽ :-** ഇതിനായി യഥാർത്ഥ പേരു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരിയിൽ നിന്നും ശേഖരിച്ച്, ആയതിനോടൊപ്പം വെള്ളക്കടലാസിൽ സപ്ലൈ ആഫീസർക്ക് അപേക്ഷ തയ്യാറാക്കി സമർപ്പിക്കുക.

**2, റേഷൻകാർഡിലെ വയസ്സു തിരുത്താൻ :-** ഏതെങ്കിലും കാരണത്താൽ റേഷൻകാർഡിൽ വയസ്സ് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതു തിരുത്താൻ, സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ്, സ്കൂൾ/ജനന സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം വെള്ളക്കടലാസിൽ അപേക്ഷിക്കുക.

**3, പുതിയ അംഗത്തെ കാർഡിൽ ഉൾപ്പെടുത്താൻ :-** നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ, കുട്ടികളാണെങ്കിൽ ജനന/ സ്കൂൾ സർട്ടിഫിക്കറ്റ്, മറ്റു താലൂക്കിൽ നിന്ന് വന്നതാണെങ്കിൽ അവിടെ നിന്നുള്ള റിഡക്ഷൻ / നോൺ ഇൻക്ലൂഷൻ/ നോ റേഷൻ സർട്ടിഫിക്കറ്റ്, ഈ താലൂക്കിലെ മറ്റു റേഷൻകാർഡിലുള്ളതാണെങ്കിൽ പ്രസ്തുത റേഷൻകാർഡ്, ഇതൊന്നും ലഭിക്കാൻ സാധ്യതയില്ലെങ്കിൽ എം.എൽ.എ./എം.പി./ പഞ്ചായത്ത് പ്രസിഡണ്ട്/മുനിസിപ്പൽ ചെയർമാൻ തുടങ്ങിയവരിൽ ആരിലെങ്കിലും നിന്ന് ലഭിക്കുന്ന സാക്ഷ്യപത്രം അടക്കം അപേക്ഷ നൽകുക.

**4, പുതിയ റേഷൻകാർഡിന് :-** നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ (സപ്ലൈ ആഫീസിൽ 5/- രൂപ നൽകിയാൽ ലഭിക്കും) അപേക്ഷ തയ്യാറാക്കി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ്, മറ്റേതെങ്കിലും താലൂക്കിൽ നിന്നും മാറിവന്നതാണെങ്കിൽ അവിടെ നിന്നുള്ള റിഡക്ഷൻ/ നോ റേഷൻ/ സറണ്ടർ സർട്ടിഫിക്കറ്റ്, താലൂക്കിലെ തന്നെ മറ്റേതെങ്കിലും കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ റേഷൻകാർഡും കാർഡുടമയുടെ സമ്മതപത്രവും, രണ്ടു വയസ്സിനുമേൽ പ്രായമുള്ള കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവയ്ക്കൊപ്പം സമർപ്പിക്കുക.

**5, താൽക്കാലിക കാർഡിന് :-** സ്ഥിരം കാർഡിന് താമസമുണ്ടായാൽ 6 മാസത്തെ കാലയളവ് വരെ താലൂക്ക് സപ്ലൈ ആഫീസറുടെ/ സിറ്റി റേഷനിംഗ് ഓഫീസറുടെ തീരുമാനത്തിനു വിധേയമായി താൽക്കാലിക കാർഡ് നൽകുന്നതാണ്.

## കളർ കൊടുക്കൂ... സമ്മാനം നേടൂ!



മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
ഹോളി ക്രോസ് ബോക്സിൽ നവംബർ ■ ന് മുമ്പ് നിക്ഷേപിക്കുക

പേര് ..........................................................

വീട്ടുപേര് ..........................................................

മതബോധന ക്ലാസ്സ് .......................... യൂണിറ്റ് ..........................

### കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**അനഘ ഫ്രാൻസിസ്**
കള്ളിക്കാടൻ വീട്,
സെന്റ് അൽഫോൺസ
യൂണിറ്റ്,
ക്ലാസ്സ് IV B,
LP വിഭാഗം



**ജിസ്നി ജോയ്**
കച്ചറയ്ക്കൽ വീട്,
സെന്റ് ജോൺ
യൂണിറ്റ് II,
ക്ലാസ്സ് V B,
UP വിഭാഗം



# ക്വിസ് മത്സരം

1. സീറോ മലബാർ സഭയ്ക്ക് ആദ്യമായി ലഭിച്ച മിഷൻ രൂപത?
2. റോമിൽ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിലെ റിലേറ്ററായി നിയമിക്കപ്പെട്ട ആദ്യത്തെ ഇന്ത്യൻ വൈദികൻ?
3. പരമ്പരാഗതമായി മറിയത്തെ "തെയോതോക്കോസ്" എന്നാണ് വിളിച്ചിരുന്നത്. എന്താണ് ആ വാക്കിന്റെ അർത്ഥം?
4. വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട വിശ്വസാഹിത്യകാരൻ?
5. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ ഗവർണർ?
6. ബർണബാസ് എന്ന വാക്കിന്റെ അർത്ഥം?
7. അതുകൊണ്ടുതന്നെയാണ് ജപമാലയെ ................. എന്ന് പറയുന്നത്?
8. "മാർഗ്ഗമദ്ധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ യേശു, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ വീണ്ടും പരിശുദ്ധാത്മാവിനാൽ നിറയുന്നതിനും വേണ്ടി എന്നെ അയച്ചിരിക്കുന്നു." ആർ ആരോടു പറഞ്ഞു?
9. എന്റെ ആത്മാവിനെ അവിടുന്ന് പാതാളത്തിൽ ഉപേക്ഷിക്കുകയില്ല. അവിടുത്തെ പരിശുദ്ധൻ ജീർണ്ണിക്കാൻ അവിടുന്ന് അനുവദിക്കുകയുമില്ല. അദ്ധ്യായം .............. വാക്യം ..................?
10. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വിശുദ്ധൻ?
11. മിഷൻ പ്രവർത്തനം സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണ് എന്ന് എഴുതിയ മാർപ്പാപ്പ?

അവലംബം : ഒക്ടോബർ ലക്കം കേരളസഭ, ഹോളിവോയ്സ്, അപ്പസ്തോല പ്രവർത്തനങ്ങൾ 1 മുതൽ 10 വരെ അദ്ധ്യായങ്ങൾ : ഉത്തരങ്ങൾ വെള്ളക്കടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി നവംബർ 15.

## ഒക്ടോബർ ലക്കം ക്വിസ് മത്സര വിജയി

മത്സരത്തിൽ 17 പേർ പങ്കെടുത്തു. ശരിയുത്തരം അയച്ച 10 പേരിൽ നിന്ന് നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ ജേതാവിനെ പ്രഖ്യാപിച്ചു.



ലിവിയ പോൾ
അരിമ്പൂർ വള്ളിശ്ശേരി
ഹോളിക്രോസ് യൂണിറ്റ്

### ക്വിസ് ശരിയുത്തരം അയച്ചവർ

മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II, ആൻസൻ ജെയ്സൻ പന്തലിപ്പാടൻ,ആൻ ജാക്വലിൻ ജെയ്സൻ പന്തലിപ്പാടൻ, ഷാലി ജെയ്സൻ, പന്തലിപ്പാടൻ, മേരി ദേവസ്സി, കുറ്റിക്കാടൻ- (സെന്റ് ആന്റണീസ് II), അഖിൽ ജോൺസൻ, കാഞ്ഞാണിക്കാരൻ, ലിവിയ പോൾ അരിമ്പൂർ, വള്ളിശ്ശേരി(ഹോളിക്രോസ്)ടിനുമോൾ ടി.എൽ. താണിപ്പിള്ളി(റോസി ആന്റണി, കുറ്റിക്കാടൻ(സെന്റ് ജോസഫ്)ജോസ് ടി.ആർ., തെക്കേത്തല - സെന്റ് റോസ്

**ശരിയുത്തരം** : 1.)പോളണ്ടിലെ ക്രാക്കോവിൽ 2.) 1978 സെപ്തംബർ 10 3.) വി. അഗസ്റ്റിൻ 4.) ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ 5.) വിശുദ്ധി പ്രാപിക്കാനായി 6.) മിഷനറി സഭ 7.) പി. സദാശിവം 8. കുട്ടനാട് 9.) വി.ജോൺ നെപുംസ്യാനോസ് 10.) മാർ ജോസ്കൊ പുത്തൂർ 11.) അകന്ന ഒരുക്കം, അടുത്ത ഒരുക്കം, ഏറ്റവും അടുത്ത ഒരുക്കം 12.) 1956ൽ

# ബൈബിൾ കലണ്ടർ : നവംബർ - 2013

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | **1**<br>മത്താ 24:29-34<br>2 തെസ 2:13-17 | **2**<br>മത്താ 24:37-44<br>വെളി 21:1-4<br>2 മക്ക 12:38-45 |
| **3**<br>മത്താ 16:13-19<br>1 കോറി 12:27, 13:13<br>എശ 6:1-8 | **4**<br>മർക്കോ 2:13-17<br>2 തെസ 3:13-18 | **5**<br>മത്താ 13:1-9<br>ഹെബ്രാ 6:7-12 | **6**<br>ലൂക്കാ 8:26-39<br>ഹെബ്രാ 12:1-6 | **7**<br>മത്താ 9:35-38<br>വെളി 3:8-13 | **8**<br>ലൂക്കാ 9:57-62<br>ഹെബ്രാ 12:7-13 | **9**<br>ലൂക്കാ 5:1-11<br>അപ 10:9-16 |
| **10**<br>മത്താ 12:1-11<br>ഹെബ്രാ 8:1-6<br>1 രാജാ 8:22-29 | **11**<br>മത്താ 19:16-22<br>2 കോറി 4:11-15 | **12**<br>മത്താ 19:23-30<br>1 കോറി 4:1-5 | **13**<br>മത്താ 21:20-27<br>2 കോറി 11:7-15 | **14**<br>ലൂക്കാ 10:8-16<br>2 കോറി 11:16-21 | **15**<br>യോഹ 14:1-7<br>റോമ 4:12-20 | **16**<br>ലൂക്കാ 22:24-30<br>3 യോഹ 5-12 |
| **17**<br>യോഹ 2:13-22<br>ഹെബ്രാ 9:5-15<br>എശ 54:1-15 | **18**<br>ലൂക്കാ 11:1-4<br>ഹെബ്രാ 13:9-16 | **19**<br>യോഹ 8:1-3<br>യൂദാ 1:17-25 | **20**<br>മത്താ 16:21-28<br>കൊളോ 4:2-6 | **21**<br>മത്താ 22:1-14<br>വെളി 19:5-10 | **22**<br>യോഹ 18:28-37<br>വെളി 19:11-16 | **23**<br>ലൂക്കാ 9:7-17<br>വെളി 21:9-21 |
| **24**<br>മത്താ 22:41-46<br>ഹെബ്രാ 9:16-28<br>ഏശ 43:1-7 | **25**<br>മത്താ 6:19-21<br>വെളി 4:1-11 | **26**<br>മർക്കോ 5:25-34<br>1 തെസ 4:1-8 | **27**<br>മർക്കോ 12:18-27<br>ഹെബ്രാ 1:1-4 | **28**<br>യോഹ 17:12-19<br>വെളി 7:9-12 | **29**<br>യോഹ 14:1-6<br>വെളി 14:1-7 | **30**<br>മത്താ 4:18-22<br>റോമാ 10:10-18<br>സഖ 8:20-23 |